## എൻ.കെ അബ്ദുല്ല മാസ്റ്റർ

**1976** മുതൽ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട നാൾ തൊട്ട് പ്രസ്ഥാന പ്രവർത്തന രംഗത്ത് സജീവമായിരുന്നു എൻ.കെ അബ്ദുല്ല മാസ്റ്റർ. വളരെക്കാലം ചുങ്കത്തറ കാർകൂൻ ഹൽഖയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. 1964-ൽ കാസർകോട് ജില്ലയിൽ അറബി അധ്യാപക നായി സർക്കാർ സർവീസിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം 1974-ലാണ് ചുങ്കത്തറ ജി.എൽ.പി സ്‌കൂളിലെത്തുന്നത്. വാണിയമ്പലത്തിന ടുത്ത തൊടികപ്പുലമാണ് എൻ.കെയുടെ നാട്.



ഉമറാബാദ് ദാറുസ്സലാമിൽ നിന്ന് പഠനം പൂർത്തി യാക്കിയ മാസ്റ്റർ പല സ്ഥലങ്ങളിലും മദ്‌റസാ ധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. ചുങ്കത്തറ യിൽ സ്ഥിരതാമസമാക്കിയ ശേഷം മർഹൂം വി.പി ഹംസ സാഹിബ് ഉൾപ്പെടെയുള്ള ഇസ്‌ലാമിക പ്രവർത്തകരുമായുള്ള സഹവാസ ത്തിലൂടെയാണ് എൻ.കെ പ്രസ്ഥാനത്തോടടു ക്കുന്നത്. പ്രദേശത്തെ സകല പ്രസ്ഥാന സംരം ഭങ്ങളിലും നേതൃപരമായ പങ്കാണ് അദ്ദേഹം വഹിച്ചിരുന്നത്.

അനാരോഗ്യവും കേൾവി കുറവും മൂലം പ്രയാസം നേരിട്ടിരുന്ന അവ സാന നാളുകളിൽ മാത്രമാണ് പ്രതിവാര യോഗങ്ങളിൽ പങ്കെടുക്കുന്ന തിൽ നിന്ന് അദ്ദേഹം വിട്ടുനിന്നത്. ചുങ്കത്തറ അൽ ഇഹ്‌സാൻ ഇസ്‌ലാ മിക് ട്രസ്റ്റ് സ്ഥാപകാംഗമായിരുന്നു. 1995-ൽ നിലവിൽ വന്ന അൽ ഇഹ്‌സാൻ മഹല്ലിന്റെ പ്രവർത്തനങ്ങളിൽ നിറസാന്നിധ്യമായിരുന്നു. ഭാര്യ ഫാത്വിമ. മക്കൾ: സുബൈദ, ശഹീദ, സാലിമ, അനീസ്.

## പി.ടി മുഹമ്മദ് മൗലവി

**ചുങ്കത്തറയിലെ** ആദ്യകാല ജമാഅത്ത് പ്രവർത്തകനായിരുന്നു പി.ടി മുഹ മ്മദ് മൗലവി. മഞ്ചേരിയിലെ പട്ടർക്കുളത്ത് നിന്നാണ് 1952-ൽ മൗലവി യുടെ കുടുംബം ചുങ്കത്തറയിലേക്ക് താമസം മാറ്റുന്നത്. അതിന് മുമ്പ് തന്നെ പ്രസ്ഥാന കൃതികൾ വായിക്കുകയും അതിൽ ആകൃഷ്ടനായി മഞ്ചേരിയിൽ നടന്നിരുന്ന പ്രസ്ഥാന യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്യാറുണ്ടായിരുന്നു.



അക്കാലത്ത് അദ്ദേഹ ത്തിന്റെ പിതാവ് മർഹൂം പിലാതോടൻ അഹ്മദ് സാഹിബിന്റെ സുഹൃത്തുക്കൾ പലരും മകൻ 'മൗദൂദിസ'ത്തിലേക്ക് ചായുന്നുണ്ടെന്നും വഴിപിഴ ക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മുന്നറിയിപ്പ് നൽകിയിരുന്നതായി സഹോദരൻ മുഹമ്മദലി സാഹിബ് ഓർക്കുന്നു. ചുങ്കത്തറ പരിസരത്തെ പല പള്ളികളിലും അദ്ദേഹം ഖുത്വ്ബ നിർവഹിച്ചിട്ടു ണ്ട്. വന്ന നാൾ മുതൽ 'മൗദൂദി മുസ്‌ലിയാർ' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. കിഴക്കൻ ഏറനാട്ടിൽ ഇസ്‌ലാമിക പ്രസ്ഥാനം തീരെ അപരിചിതമായിരുന്ന കാല മായിരുന്നു അത്.

1965 മുതൽ വളരെ കാലം മുത്തഫിഖ് ഹൽഖാ നാസിമായി പ്രവർത്തിച്ചിട്ടുണ്ട്. കാർകൂൻ ഘടന നിലവിൽ വന്ന കാലം മുതൽ കാർകൂൻ ആയി. പ്രസ്ഥാനത്തിന് ചുങ്കത്തറയിൽ ഒരു ഓഫീസ് ഇല്ലാതി രുന്ന അക്കാലത്ത് മൗലവിയുടെ വീട്ടിൽ വെച്ചാണ് ഹൽഖാ യോഗവും മറ്റു പ്രസ്ഥാന പരിപാടികളും നടന്നിരുന്നത്.

ചുങ്കത്തറ മസ്ജിദുൽ ഇഹ്‌സാൻ ഉൾപ്പെടുന്ന അൽ ഇഹ്‌സാൻ സെന്ററിന് ഭൂമി കണ്ടെത്താനും വാങ്ങാനും മുൻകൈയെടുത്തതും അതിന് അഡ്വാൻസ് കൊടുത്തതും പള്ളിനിർമാണത്തിലും തുടർന്നുള്ള മഹല്ല് നടത്തിപ്പിലും സാമ്പത്തിക മായും മറ്റു നിലക്കും താങ്ങായി നിന്നതും മൗല വിയായിരുന്നു. ചുങ്കത്തറ അൽ ഇഹ്‌സാൻ സർവീസ് ട്രസ്റ്റിന്റെയും എടക്കര മർകസുൽ ഇസ്‌ലാം ട്രസ്റ്റിന്റെയും സ്ഥാപകാംഗമായിരുന്നു.

ഭാര്യ ആഇശ. മക്കൾ: ഹാമിദലി, അസ്ഹ റലി, റഷീദലി, ബഷീർ അഹ്മദ്, സലീം, അസ്‌ലം, സലീമ, സക്കീന, സുഹ്‌റ, ശരീഫ.

**അബൂബക്കർ ചുങ്കത്തറ**

## ത്വാഹിറ

**കൈപമംഗലം** കാളമുറി വനിതാ മുത്തഫിഖ് ഹൽഖാംഗവും, കാർകുൻ ഹൽഖാ അംഗമായ പി.എ മുസ്ത്വഫയുടെ ഭാര്യയുമായിരുന്നു ത്വാഹി റ. ചെറിയൊരു ശാസ്ത്രക്രിയ കഴിഞ്ഞ് ആശുപ ത്രിയിൽ നിന്ന് വിടാനിരിക്കെ, പെട്ടെന്നുണ്ടായ ഹൃദയസ്തംഭനത്തെത്തു ടർന്ന് അല്ലാഹുവിങ്കലേക്ക് യാത്രയാവുകയായിരുന്നു.



44കാരിയായ ത്വാഹിറ ആശുപത്രിവിട്ട ശേഷം ഭർത്താവൊന്നിച്ച് ഉംറ നിർവഹിക്കാൻ ഉദ്ദേശിച്ച തായിരുന്നു. പെരുമ്പിലാ വിൽ നടന്ന ഖുർആൻ സമ്മേളനത്തിൽ രോഗം കാരണം പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. പേര് സൂചിപ്പിക്കുംപോലെ ശുദ്ധമായ ജീവിതവും ആർദ്രമനസ്സുമാണ് ഉണ്ടാ യിരുന്നത്. ജാതി-മതഭേദമില്ലാതെ ഏവരെയും സഹായിക്കുന്നതിൽ തൽപരയായിരുന്നു. ഖുർആ നിലെ തെരഞ്ഞെടുത്ത സൂറത്തുകൾ നിത്യവും പാരായണം ചെയ്യുന്നതോടൊപ്പം പ്രാർഥനാനി രതമായിരുന്നു ജീവിതം. പ്രസ്ഥാന കുടുംബമാ യതിനാൽ യാഥാസ്ഥിതിക മഹല്ലിൽ നിന്ന് വിലക്കും ഭീഷണിയും നേരിട്ട കുടുംബമായിരുന്നു അവരുടേത്. അതിനാൽ തന്നെ മറ്റൊരു മഹല്ലിൽ ഇവരെ മറവുചെയ്യേണ്ടിവന്നു. ആരോടും വെറുപ്പ് വെച്ചു പുലർത്താത്ത പ്രകൃതമായതിനാൽ ബന്ധുക്കൾക്കെന്ന പോലെ നാട്ടുകാർക്കും അവ രുടെ വേർപാട് ഇന്നും നൊമ്പരമായി അവശേ ഷിക്കുന്നു. മക്കൾ: ഷാനവാസ്, ഫസീല, ഷാനിബ. മരുമക്കൾ: ഫർഹ, സാജിദ്, ബഷീർ.

**പി.എം ഉസ്മാൻ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹ മത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*